**8. നദീതട പ്രദേശങ്ങളിലെ എസ്.എച്ച്.പിസൈറ്റുകൾ തിരിച്ചറിയുന്നതിനും മുൻഗണന നൽകുന്നതിനും മൊത്തനദീതട പ്രദേശപഠനംനടത്തി.**

ഇ.എം.സിയിലെ എസ്.എച്ച്.പി സെൽ സ്വകാര്യ പങ്കാളിത്തത്തിലൂടെ സംസ്ഥാനത്തുടനീളം ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കി വരികയാണ്. എന്നാൽ പദ്ധതികൾക്ക് വേണ്ടത്ര ഡേറ്റാ ലഭ്യമല്ലാത്തതിനാൽ ഭൂരിഭാഗം നിക്ഷേപകരും പിൻവാങ്ങുന്ന പ്രവണത കണ്ടു വരുന്നു. 2016-17-ൽ സംസ്ഥാനത്തെ SHP വികസനം കൂടുതൽ ഊർജ്ജിതമാക്കുന്നതിന് വേണ്ടി ഇ.എം.സി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ നദികളിലെ എസ്.എച്ച്.പി സാധ്യതകളെ വിലയിരുത്തുന്നതിന് മൊത്ത നദീതട പഠനത്തിന് തുടക്കം കുറിച്ചു. തിരുവനന്തപുരം ജില്ലയിൽ കരമന, വാമപുരം എന്നീ നദികളിൽ നദീതട പഠനം പൂർത്തിയായി. കൊല്ലം ജില്ലയിൽ കല്ലട, ഇത്തിക്കര നദികളുടെ പഠനംനടത്തിവരുന്നു. പത്തനംതിട്ട ജില്ലയിലെ നദീതടങ്ങളിലെ പഠനത്തിനു പ്രാരംഭ നടപടികൾ ആരംഭിച്ചു.